**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 641 | 30.07.2015 ൽ മറുപടിക്ക്

**ജിഗാബൈറ്റ് 17 മിഷൻ കണക്ടിവിറ്റി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ടി.എൻ. പ്രതാപൻ**<br>**ശ്രീ. വർക്കല കഹാർ**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) എല്ലാ ഗ്രാമപഞ്ചായത്തിലും ജിഗാബൈറ്റ് 17 മിഷൻ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (എ) & (ബി) & (സി) | ജിഗാബൈറ്റ് 17 മിഷൻ കണക്ടിവിറ്റി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ അതിവേഗ ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കുവാൻ വേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച National Optical Fibre Network(NOFN) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി ജിഗാബൈറ്റ് പാസീവ് ഒപ്റ്റിക്കൽ നെറ്റ് വർക്ക് സങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. കേരളത്തിൽ NOFN പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Bharat Boradband Network Limited(BBNL) എന്ന സ്ഥാപനത്തിന് Right of Way ഉൾപ്പെടെയുള്ള അനുമതി നൽകുകയും നാളിതുവരെ 977 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും OFC കണക്ടിവിറ്റി നൽകുകയും ചെയ്തിട്ടുണ്ട്. ഇതു മുഖാന്തിരം ഗ്രാമ പഞ്ചായത്ത് തലത്തിൽ 100 mbps വേഗതയോട് കൂടിയ ബ്രോഡ്ബാന്റ് കണക്ടിവിറ്റി നൽകുവാൻ കഴിയും. NOFN പദ്ധതിയിലൂടെ ഗ്രാമീണ പ്രദേശങ്ങൾ നേരിടുന്ന നെറ്റ് വർക്ക് കണക്ടിവിറ്റി അപര്യാപ്തതയ്ക്ക് പരിഹാരമാകും. സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കും. NOFN പദ്ധതി സമയബന്ധിതമായി നടപിലാക്കുവാൻ വിവിധ സർക്കാർ വകുപ്പുകളുമായി കൂടി ആലോചിക്കുകയും വേണ്ട ഏകോപനം നടത്തുകയും ചെയ്തിട്ടുണ്ട്. |

Sd/-

**സെക്ഷൻ ഓഫീസർ**